ഇരിങ്ങാലക്കുട പടിയൂർ കുടിവെള്ള പദ്ധതി

143 (740) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ പടിയൂർ കുടിവെള്ള സമഗ്ര പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഈ പദ്ധതി എന്ന് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ & ബി) പദ്ധതി സംബന്ധിച്ച വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ലഭിച്ചതിനു ശേഷം പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച തീരുമാനമെടുക്കുന്നതാണ്.

ചെല്ലാനം എൻ.സി.പി.സി പദ്ധതി

144 (741) ശ്രീ. സി. എം. ദിനേശ്മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെല്ലാനം എൻ.സി.പി.സി പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ ;

(ബി) കണ്ടക്കടവ് ഓവർഹെഡ് ടാങ്ക് നിർമ്മാണം സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലി പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായുള്ള പമ്പുസെറ്റുകൾ സപ്ലൈ ചെയ്ത് സ്ഥാപിക്കുന്ന ജോലി ആരംഭിച്ചിട്ടുണ്ട്. എന്നാൽ കണ്ണമാലി ചെറിയകടവിലെ വാട്ടർ ടാങ്കിന്റെ അറ്റകുറ്റ പണികൾക്ക് ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ പുനർ ദർഘാസിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കണ്ടക്കടവ് ഓവർഹെഡ് ടാങ്ക് നിർമ്മിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. പകരം ഗുണ്ടുപറമ്പിലെ ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 45 ലക്ഷം ലിറ്റർ ടാങ്ക് സ്ഥാപിക്കുന്നതോടെ ടി ടാങ്ക് പ്രയോജനപ്പെടുത്തി ചെല്ലാനം പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലും കുടിവെള്ളം എത്തിക്കാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly